# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-11)/195/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-11)/195/23 തീയ്യതി: 14/04/2023

## തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.) | 05-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ജോമോൻ ഇ.കെ, അസി.ഓഡിറ്റ് ഓഫീസർ (09.01.2023 മുതൽ 16.01.2023 വരെ)
അനീറ്റ ഡൊമിനിക്, ഓഡിറ്റർ
രേഖ ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.വി സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സുരേഷ് ബാബു ചിറ്റഴി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ഷിപ്രദാസ് കെ | സെക്രട്ടറി | 07-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് ബാബു ചിറ്റഴി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 18-07-2021 |
| റാഫി ഇ.ടി | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |
| നിനാദ് കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 22-01-2022 |
| മനോജ് കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-01-2022 | 31-03-2022 |
| പ്രമോദ് പി.ആർ | വി ഇ ഒ (എടക്കഴിയൂർ സർക്കിൾ) | 01-04-2021 | 31-03-2022 |
| ഷക്കീർ ടി.വി | വി ഇ ഒ (പുന്നയൂർ സർക്കിൾ) | 01-04-2021 | 31-03-2022 |
| സുല്ല കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.സൗമ്യ കെ.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 10-01-2022 |
| ഡോ.അനൂപ് എസ്.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 11-01-2022 | 31-03-2022 |
| ഡോ.രാഖി എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ജ്യോതി കെ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശാന്ത പി പി | ഹെഡ്മിസ്ട്രസ്, ജി എൽ പി എസ്, പുന്നയൂർ നോർത്ത് | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 18-02-2022 |
| ഡോ.മായ | വെറ്ററിനറി സർജൻ | 19-02-2022 | 31-03-2022 |
| രമ്യ വി.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ടോണി ജോസഫ് എ.എഫ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച് | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-10-2 |
| 13 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തു നികുതി റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | വസ്തു നികുതി നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 18 | വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-8 |
| 19 | വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-9 |
| 20 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല | 1-10-10 |
| 21 | മുൻകൂറായി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-10-11 |
| 22 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-12 |
| 23 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ | 1-10-13 |

| | | |
|---|---|---|
| 24 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു | 1-10-14 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-15 |
| 26 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-16 |
| 27 | ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-17 |
| 28 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല | 1-10-18 |
| 29 | ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല | 1-10-19 |
| 30 | പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല | 1-10-20 |
| 31 | പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-10-21 |
| 32 | ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-22 |
| 33 | ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-10-23 |
| 34 | തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-24 |
| 35 | ലേലരജിസ്റ്റർ അപൂർണ്ണമാണ് | 1-10-25 |
| 36 | ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ തുക നാളിതു വരെ വരവ് വച്ചിട്ടില്ല | 1-11 |
| 37 | രസീത് ബുക്കുകളിലെ അപാകതകൾ | 1-12 |
| 38 | ഫ്രന്റ് ഓഫീസിൽ റദ്ദ് ചെയ്ത രസീതിതുക സഞ്ചയയിൽ കളക്ഷൻ തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു. | 1-13 |
| 39 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 40 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയുടെ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-15 |
| 41 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു-പഞ്ചായത്തിന് ഭീമമായ വരവ് നഷ്ടം | 1-16 |
| 42 | അമ്യൂസ്മെന്റ് പാർക്ക് - തെറ്റായി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നു. | 1-17 |
| 43 | രസീത് ബുക്കുകളുടെ ഡെലിവറി ചലാൻ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 44 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു | 1-19 |
| 45 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 46 | ലൈഫ് ഭവന പദ്ധതി (എസ്.സി.) - പണി പൂർത്തീകരിച്ചിട്ടില്ല | 1-21 |

| | | |
|---|---|---|
| 47 | വി.ഇ.ഒ.(പുന്നയൂർ സർക്കിൾ) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 48 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-23 |
| 49 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 1-24 |
| 50 | നാഷണൽ ഹൈവേ വികസനം-പഞ്ചായത്ത് വക റോഡ് ഭാഗങ്ങൾ, ആസ്തികൾ എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-25 |
| 51 | മൽസ്യകൃഷി ഇൻഷൂറൻസ് നടപ്പിലാക്കണം. | 1-26 |
| 52 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല. | 1-27 |
| 53 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-28 |
| 54 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം യഥാസമയം ലഭ്യമാക്കിട്ടില്ല കാലിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട റജിസ്റ്ററുകളും രേഖകളും ശരിയായരീതിയിൽ എഴുതിസൂക്ഷിച്ചിട്ടില്ല. | 1-29 |
| 55 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ₹ 1,70,780/-ചെലവഴിച്ചു | 1-30 |
| 56 | ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പു വരുത്തിയിട്ടില്ല | 1-31 |
| 57 | വിവിധ പ്രവൃത്തികളുമായി ബന്ധപ്പട്ട് ലഭ്യമായ മണ്ണിന്റെ വിനിയോഗം ലഭ്യമാക്കിയില്ല | 1-32 |
| 58 | അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ -അപാകതകൾ | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ബജറ്റ് / റിവൈസ്ഡ്ബജറ്റ്എന്നിവസംബന്ധിച്ച്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 22.02.2021 | |
| കമ്മിറ്റിതീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ OB | വരവ് | ചെലവ് |
| | 237837848 | 272202500 |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയതിയതി കമ്മിറ്റിതീരുമാനം റിവൈസ്ഡ്ബജറ്റ് | 19.03.2022 | |
| കമ്മിറ്റിതീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 305316000 | 327858500 |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I) ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

(Ii) സ.ഉ (ആർ.റ്റി) 3291/16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

(Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ടതീയതി | ലഭിച്ചതീയതി. |
|---|---|
| 31-7-2022 | 4-8-22 |

വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17334837.23 |
| വരവ് | 147081130 |
| ആകെ | 164415967.23 |
| ചെലവ് | 138876696 |
| നീക്കിയിരിപ്പ് | 25539271.23 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 28890683 | 28890683 | 25881031 | 3009652 |
| വികസനഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 6075584 | 6075584 | 5850349 | 225235 |
| വികസനഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 10798628 | 10798628 | 8183901 | 2614727 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 10769367 | 10769367 | 9155924 | 1613443 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 23866633 | 23866633 | 17145249 | 6721384 |

*മെയിന്റനൻസ്, നോൺ-റോഡ് ACR പ്രകാരം വരവ് 7206367/- രൂപയും ചെലവ് 9155924/- രൂപയും ബാലൻസ് -1949557 രൂപയുമാണ്. എന്നാൽ GO(Rt) No.1345/22/Fin/ Dtd 31.03.2022 പ്രകാരം 3563000/- രൂപ അലോട്ട്മെന്റായി വന്നിട്ടുള്ളതാണ്. അലോട്ട്മെന്റ് വന്നത് എ സി ആറിൽ വരവ് വെച്ചിട്ടില്ല. ആയതിനാൽ വരവും ബാലൻസ് തുകയും ACR നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 197 | 143652755 | 124 | 83669717 | 32 | 41 | 62.94% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8000 | 735675 | 743675 | 736324 | 7351 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 37194671 | 37194671 | 37194671 | 0 |

*7351/- രൂപയാണ് യഥാർത്ഥത്തിലുള്ള ബാലൻസ് തുക. ബാംബൂ ഫണ്ട് ഇനത്തിൽ ലഭ്യമായ 16096/- രൂപയും ചെലവായ 10820 രൂപയും ഒഴിവാക്കിയാണ് AFS തയ്യാറാക്കിയതെങ്കിലും ഇതിന്റെ ബാലൻസ് തുക 5276/- രൂപ കൂടി ചേർത്താണ് നീക്കിയിരുപ്പ് തുക 12627/- വന്നിട്ടുള്ളത്(7351+5276) AFS ലും ബാങ്ക് സ്റ്റേറ്റ്മെന്റിലും നീക്കിയിരുപ്പ് 12627/- രൂപയാണ്.

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 3418800 | 2136 |

| | | |
|---|---|---|
| വിധവാപെൻഷൻ | 26612700 | 16632 |
| വാർദ്ധക്യകാലപെൻഷൻ | 30749500 | 19218 |
| വികലാംഗപെൻഷൻ | 6935800 | 4334 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 869900 | 543 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420000 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2023 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 78,575/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. റജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-10-1 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-10-3 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ

തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3329225 | 3047720 | 23187 | 282009 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3377185 | 3024029 | 23187 | *282368 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 296486/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2426386 | 2301906 | 7648 | 147357 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2685633 | 2271381 | 7648 | *147400 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 154770 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-5 വസ്തു നികുതി റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1328363 | 896291 | 436493 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1283122 | 891870 | **437378 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (726730+ 620548=. 1347278/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (459247/105X100) |

"സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-10-6 വസ്തു നികുതി നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 922795 | 753984 | 172601 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 663508.57 | 750194 | 172707.61 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(334518+ 362166= 696684/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(181343/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-10-7 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ | റെസിഡൻഷ്യൽ | 169779 | 69239 | 239018 | 154801 | 45717 | 200518 | 1370 | | 14477 | 22754 | 37234 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| പ്രകാരം | നോൺ-റെസിഡൻഷ്യൽ | 121977 | 46689 | 168666 | 115653 | 37954 | 153607 | 413 | | 7413 | 8742 | 16113 |
| | ആകെ | | | 407684 | | | 354125 | 1783 | | | 53347 | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 407155 | | | 357041 | | | | 358137 | 53386 | | |
| | | 100011+207133 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies.. ഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 357041 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 354125/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 358137രൂപയാണ്. (വൗച്ചർ 42100355 തീ.31.03.2022 (205626+114564+37947=358137))(പട്ടിക 2.3 കാണുക )

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)1091846രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 51993 (1091846/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 53386 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-8 വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 394216 | 395710 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non- | 67681 | 65535 |

| | Residential Building | | |
|---|---|---|---|

## 1-10-9 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 243 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ (1.4.21) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-10 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5ലൈബ്രറി രജിസ്റ്റർ

6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-11 മുൻകൂറായി ലഭിച്ച തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന

വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 4800 |

## 1-10-12 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-13 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | (224) |
| 280800301-Prior Period-Operation And Maintenance Expenses | 469525 |
| 280800701-Prior Period- Miscellaneous Expenses | (172455) |

## 1-10-14 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-16 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8204434 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16688548രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-17 ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

### 1-10-18 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-10-19 ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410102 | SBI (Literacy) 10351807838 | 3741.81 |
| 2 | 450410103 | SBI (OAP) 57008825896 | 2749 |
| 3 | 450410101 | SBI (MGNREGS) 30387996299 | 12627 |

### 1-10-20 പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല

ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)) മാർച്ച് 2022 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ മാത്രമേ പരിശോധനയ്ക്ക് നല്കിയിട്ടുള്ളൂ.

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1) SBI (10351821047), SBI (Literacy), SBT -OAP (57008825896) – ഈ അക്കൗണ്ടുകൾ നിർജ്ജീവ അക്കൗണ്ടുകൾ ആണെങ്കിൽ ക്ലോസ് ചെയ്യുന്നതിനുള്ള മടപടികൾ സ്വീകരിക്കേണ്ടതാണ്.

2) താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

Punnayur Panchayath Service Co-operative Bank

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 98164 | 19.04.2021 | 930 |

3) താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31.03.2022 റീകൺസീലിയേഷൻ പത്രികയിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

State Bank Of India (A/c No.37170813905)

| തീയ്യതി | തുക |
|---|---|
| 30.03.2022 | 567 |
| 31.03.2022 | 5554 |
| ആകെ | 6121 |

## 1-10-21 പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 13399603/- രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 യാണ്.

## 1-10-22 ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

വായ്പ ഇനത്തിൽ മുൻബാക്കി 21147809രൂപയുണ്ട്. ആയതിൽ 3285333 രൂപ തിരിച്ചടക്കുകയും 31/3/2022 ൽ 17862476 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-23 ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-10-24 തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ പ്രകാരം കളക്ഷൻ 307400/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം കളക്ഷൻ 260020/- രൂപയാണ്.

## 1-10-25 ലേലരജിസ്റ്റർ അപൂർണ്ണമാണ്

ലേലരജിസ്റ്റർ അപൂർണ്ണമാണ്. സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-11 ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ തുക നാളിതു വരെ വരവ് വച്ചിട്ടില്ല

സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് - ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് (A/c No. 799011400003030) സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് തുക 52,37,000/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം

10,00,000/- രൂപയാണുള്ളത്.

31.03.2022 ൽ ക്രെഡിറ്റ് വന്നിട്ടുള്ള 42,37,000/- രൂപ നാളിതുവരെ രസീറ്റ് ചെയ്തിട്ടില്ല. മേൽ തുക ഏതിനത്തിലാണ് അക്കൗണ്ടിൽ വന്നിട്ടുള്ളത് എന്ന് അറിവില്ലാത്തതു കൊണ്ടാണ് രസീറ്റ് ചെയ്യാതിരുന്നത് എന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ വാക്കാൽ മറുപടി നല്കിയിട്ടുണ്ട്.

30.03.2022 ന് എ3-1743/2022 നമ്പർ കത്ത് പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട അർബൻ അഗ്ലോമറേഷൻ പദ്ധതിയായ പ്രോജക്റ്റ് നം. 245/21-22 പനന്തറ കുടിവെള്ള പദ്ധതി എന്ന പ്രോജക്റ്റിന് 42,37,000/- രൂപ അനുവദിച്ച് തരുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടു.

6.4.2022 തീയതിയിലും പ്രസ്തുത അക്കൗണ്ടിലേക്ക് 9,31,972/- രൂപ വന്നിട്ടുണ്ട്. ഇക്കാര്യത്തിലും വരവിന്റെ നിജസ്ഥിതി വിശദീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

നിലവിൽ ഈ അക്കൗണ്ടിൽ ആകെ 61,68,972/- രൂപ നിഷ്ക്രിയമായി കിടക്കുന്നുണ്ട്. മേൽ വിഷയത്തിൽ വിശദികരണം നല്കുവാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.5/10.01.2023) ന് മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 86/21.ധന, തീ.3.09.21 പ്രകാരം 21-22 വർഷത്തേക്ക് മാത്രമായി സംയുക്ത പ്രൊജക്റ്റുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് തുടങ്ങുന്നതിന് അനുവദിച്ചിരുന്നെങ്കിലും, സാമ്പത്തിക വർഷാവസാനം ബാക്കിതുക തിരിച്ചടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 രസീത് ബുക്കുകളിലെ അപാകതകൾ

മാനുവൽ രസീതുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോള്യം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 പ്രകാരം "സെർട്ടിഫിക്കെറ്റ് ഓഫ് കൗണ്ട് " രസീത് ബുക്കുകളിൽ ഇല്ലാത്തതായി കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ |
|---|---|
| 1 | 5902 |
| 2 | 5903 |
| 3 | 5905 |
| 4 | 5908 |
| 5 | 5909 |
| 6 | 5910 |
| 7 | 6894 |
| 8 | 14967 |
| 9 | 14968 |
| 10 | 14970 |
| 11 | 14971 |
| 12 | 14972 |
| 13 | 14973 |
| 14 | 14974 |
| 15 | 14975 |
| 16 | 14976 |
| 17 | 14977 |
| 18 | 14978 |
| 19 | 14979 |

| | |
|---|---|
| 20 | 14980 |
| 21 | 14981 |
| 22 | 14982 |
| 23 | 14983 |
| 24 | 14984 |
| 25 | 14985 |
| 26 | 14988 |
| 27 | 14989 |
| 28 | 14990 |
| 29 | 14991 |
| 30 | 14992 |
| 31 | 14993 |
| 32 | 14994 |
| 33 | 14995 |
| 34 | 14996 |

ബി ) വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നിവർക്ക് കൈമാറിയ മാന്വൽ രസീതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുമ്പോൾ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. ആയതു മൂലം ഈടാക്കിയ തുക നിലവിലുള്ള ചട്ടങ്ങൾ പ്രകാരം യഥാസമയം അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.
വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | രസീത് നൽകിയത് | രസീത് ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|---|---|
| 1. | കൃഷി ഓഫീസർ | 14987 | 24 മുതൽ 58 വരെ |
| 2. | വെറ്ററിനറി സർജൻ | 14986 | 8 മുതൽ 13 വരെ |
| 3. | വെറ്ററിനറി സർജൻ | 14986 | 48 മുതൽ 52 വരെ |
| 4. | വെറ്ററിനറി സർജൻ | 14986 | 70 മുതൽ 78 വരെ |
| 5. | വെറ്ററിനറി സർജൻ | 14986 | 83 മുതൽ 92 വരെ |

മേൽ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ഫ്രന്റ് ഓഫീസിൽ റദ്ദ് ചെയ്ത രസീതിതുക സഞ്ചയയിൽ കളക്ഷൻ തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു.

ക്യാൻസൽഡ് രസീത് റിപ്പോർട്ടും സഞ്ചയസോഫ്റ്റ് വെയറും ഒത്തുപരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.
ഫ്രന്റ്ഓഫീസിൽ റദ്ദ് ചെയ്ത രസീതിതുക സഞ്ചയയിൽ കളക്ഷൻ തുകയായി പോസ്റ്റ് ചെയ്തതിരിക്കുന്നു. അതായത് ക്യാൻസെൽ ചെയ്ത രസീതികളും സഞ്ചയ പ്രകാരം വരവായാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പട്ടിക പ്രകാരമുള്ള തുക യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. തുക വരവ് വരാതെയാണ് സഞ്ചയയിൽ പോസ്റ്റിങ്ങ് നടത്തിയിരിക്കുന്നത്. അപാകതകൾ പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

| ക്രമ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | തുക | വസ്തു നികുതി അടവാക്കിയതായി പോസ്റ്റ് ചെയ്ത അർദ്ധവർഷങ്ങൾ |
|---|---|---|---|---|---|---|
| 1 | 18.09.21 | 121040101933 | 7/112A | ലോഹിതാക്ഷൻ, കരിയത്ത് വീട്, അവിയൂർ, എടക്കര | 520 | 2021 ആദ്യ അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 2 | 08.11.21 | 121040102774 | 11/245 | സംസം ക്വാർട്ടേഴ്സ്, മുഹമ്മദാലി മുട്ടിൽ ഹൗസ്, എടക്കഴിയൂർ, എടക്കഴിയൂർ | 310 | 2021 ആദ്യ അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 3 | 29.11.21 | 121040103270 | 7/41A | സജീവൻ ആൻഡ് നീതു ചുകന്നര്യൻപാടത്ത് വീട്, എടകര, | 790 | 2021 ആദ്യ അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |
| 4 | 07.03.21 | 121040105473 | 19/489 | മൊയ്തു S/O ബാപ്പു, റംല | 530 | 2021 ആദ്യ അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും, 2021 ആദ്യ അർദ്ധവർഷവും രണ്ടാം അർദ്ധവർഷവും |

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. 2021 – 22 വർഷത്തിലെ വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതായി കാണുന്നു.
വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | തറയിൽ ഫ്യൂവെൽസ് 10/465 | 9 |
| 2. | കെ.വി.എസ്. ഫ്ളവർ മിൽ 9/318 | 5 |
| 3. | ഗ്രാന്റ് ഗ്ലാസ് ഹൗസ് 15/346 A | 4 |
| 4. | കനക പപ്പടം 18/88A | 4 |
| 5. | ബ്രഷ് ആൻഡ് വാൾസ് അകലാട് 16/199C | 4 |
| 6. | ജന നന്മ മെഡിക്കൽസ് 9/137 | 4 |
| 7. | കെയർ പോളിക്ലിനിക്ക് 12/397 A,B | 4 |
| 8. | തഹാനി സ്റ്റീൽസ് , എടക്കഴിയൂർ 13/213A | 5 |
| 9. | മോണോഹോളോബ്രിക്ക്സ്, എടക്കഴിയൂർ 16/60A | 4 |

| | | |
|---|---|---|
| 10. | 3 ജി ഫർണ്ണീച്ചർ ഇൻഡസ്ട്രീസ് 5/373A, B, C | 6 |
| 11. | ഓട്ടോ ഗ്ലാസ്സ് 20/235C | 6 |
| 12. | മോഡേൺ ഫുഡ് വർക്ക് | 4 |
| 13. | എമിറേറ്റ്സ് ഡ്യൂട്ടി പെയ്ഡ് ഷോപ്പ് | 4 |
| 14 | ഹിറ ബിരിയാണി സെന്റർ | 4 |
| 15 | ബീച്ച് ഹട്ട് റെസ്റ്റോറന്റ് | 7 |
| 16 | അൽഹദീർ ഇൻഡസ്ട്രീസ് | 4 |

2. 2021 -22 ലെ രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട സ്ലാബിൽ നിന്നും കുറവ് ഈടാക്കിയതായി കാണുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

| ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| ലത കെ.ആർ., ഹൗസ് കീപ്പർ, രാജ എക്കോ ബീച്ച്, അകലാട് | 78000 | 450/- | 750/- |

മേൽ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഒടുക്കു വരുത്തിയതിൽ കുറവ് വന്ന 300രൂപ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.8/, തീ.12.01.2023)

1-15 ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയുടെ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന പട്ടിക പ്രകാരമാണ് പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കുന്നതിന് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | ഉപയോഗക്രമം | ചുരുങ്ങിയ നിരക്ക് | പരമാവധി നിരക്ക് | സഞ്ചയ പ്രകാരം നിരക്ക് |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3 | 8 | 5 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30 | 60 | 40 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 50 | 70 | 60 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് | 30 | 60 | 50 |

| | | | | |
|---|---|---|---|---|
| | മാളുകൾ | | | |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 90 | 80 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 30 | 60 | 35 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 30 |
| 8 | വിദ്യാഭ്യാസാവശ്യം | 3 | 8 | 3 |
| 9 | ആശുപത്രികൾ | 3 | 8 | 5 |
| 10 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 20 | 40 | 40 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 | 20 | 10 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 60 | 50 |
| 13 | റിസോർട്ടുകൾ | 80 | 90 | 85 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 20 | 40 | 20 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ് | 3 | 8 | 3 |
| 17 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | 25 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ് 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച തീരുമാനപ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ നിജപ്പെടുത്തിയതിന്റെ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

എന്നാൽ മേൽ സൂചിപ്പിച്ച ചട്ടപ്രകാരമുള്ള നികുതി നിരക്കുകളിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നിവയുടെ നിരക്കുകൾ നാളിതുവരെയും സഞ്ചയയിൽ നിശ്ചയിക്കാതെയാണ് കാണുന്നത്.

| ക്രമ നമ്പർ | ഉപയോഗക്രമം | ചുരുങ്ങിയ നിരക്ക് | പരമാവധി നിരക്ക് | സഞ്ചയ പ്രകാരം നിരക്ക് |
|---|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 | നിശചയിച്ചിട്ടില്ല |
| 2 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | നിശചയിച്ചിട്ടില്ല |

നിരക്കുകൾ ക്രമപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ പണി കഴിപ്പിക്കുന്ന മേൽ സൂചിപ്പിച്ച ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക വസ്തുനികുതി നിർണ്ണയം നടത്തുന്നത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇക്കര്യങ്ങൾ അറിയിക്കുവാൻ താല്പര്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/13.01.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു-പഞ്ചായത്തിന് ഭീമമായ വരവ് നഷ്ടം

എ) പഞ്ചായത്ത് പരിധിയിൽ വ്യാപാര സംരംഭക ലൈസൻസ്, പാരാമെഡിക്കൽ രെജിസ്ട്രേഷൻ, കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ എന്നിവയോടു കൂടി പ്രവർത്തിക്കുന്ന രാജ എക്കോബീച്ച് ആയുർവേദ ഹോസ്പിറ്റൽ, രാജ ബീച്ച് ആയുർവേദ ഹോസ്പിറ്റൽ യൂണിറ്റ് കാജാ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2019-20 മുതൽ ഓഡിറ്റ് കാലയളവിലും 2022-23 വരെയും സ്വകാര്യാശുപത്രികളുടേയു സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നേടിയിട്ടുള്ളതാണ്. കൂടാതെ രാജ ബീച്ച് ആയുർവേദ ഹോസ്പിറ്റലിന് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) ആക്ട് 2018 പ്രകാരമുള്ള ടി 32566 AYHC 00099 രെജിസ്‌ട്രേഷൻ നമ്പരോട് കൂടിയ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതും രാജ എക്കോബീച്ച് ആയുർവേദ ഹോസ്പിറ്റലിന് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) ആക്ട് 2018 പ്രകാരമുള്ള ടി 32566 AYSSH00008 രെജിസ്‌ട്രേഷൻ നമ്പരോട് കൂടിയ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതും ആണ്. ഈ സാഹചര്യത്തിൽ 'ആയുർവേദ സുഖചികിത്സ കേന്ദ്രം' എന്ന ഗണത്തിൽ ഉൾപ്പെടുത്താതെ 'റിസോർട്ട്' എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | വസ്തുനികുതിക്ക് ഉൾപ്പെടുത്തിയ ഗണം നിരക്ക്(ച. മീ.) | തറവിസ്തീർണ്ണം (ച. മീ.) | ഈടാക്കുന്ന വാർഷിക വസ്തുനികുതി |
|---|---|---|---|---|---|---|
| 1. | രാജ എക്കോബീച്ച് ആയുർവേദ ഹോസ്പിറ്റൽ | എ. അബ്ദുൾ ഹസീബ് | 17/7ബി | റിസോർട്ട് നിരക്ക് 85/- | 1,206.08 | ₹1,56,083 |
| | | | 17/7സി | റിസോർട്ട് നിരക്ക് 85/- | 1502.26 | ₹1,94,412 |

| | | | | | | |
|---|---|---|---|---|---|---|
| 2. | രാജ ബീച്ച് ആയുർവേദ ഹോസ്പിറ്റൽ | എ. അബ്ദുൾ റഷീദ് | 17/8എ | റിസോർട്ട് നിരക്ക് 85/- | 722.41 | ₹93,490 |
| | | | 17/8ബി | റിസോർട്ട് നിരക്ക് 85/- | 722.41 | ₹93,490 |
| 3. | രാജ എക്കോബീച്ച് യൂണിറ്റ് -1 കാന്റീൻ | എ. അബ്ദുൾ റഷീദ് | 17/7 എ | റിസോർട്ട് നിരക്ക് 85/- | 259.61 | ₹25,488 മേഖല(ദ്വിതീയം) 10% ഇളവ് നൽകിയിട്ടുണ്ട്. |
| 4. | രാജ എക്കോബീച്ച് യൂണിറ്റ് ഓഫ് കാജാ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് ആയുർവേദ മരുന്നുകളുടെ സ്റ്റോക്ക് ആൻഡ് വിൽപ്പന | എ. അബ്ദുൾ ഹസീബ് | 17/7 ഡി | റിസോർട്ട് നിരക്ക് 85/- | 688.1 | ₹79,838 |
| 5. | രാജ ബീച്ച് യൂണിറ്റ് -1 കാന്റീൻ | എ. അബ്ദുൾ റഷീദ് | 17/8 സി | റിസോർട്ട് നിരക്ക് 85/- | 722.41 | ₹93,490 |
| 6. | രാജ ബീച്ച് യൂണിറ്റ് ഓഫ് കാജാ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് ആയുർവേദ മരുന്നുകളുടെ സ്റ്റോക്ക് ആൻഡ് വിൽപ്പന | എ. അബ്ദുൾ റഷീദ് | 17/8 ഡി | റിസോർട്ട് നിരക്ക് 85/- | 386.14 | ₹49,972 |

കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 24.2.15 ലെ സ.ഉ.(അ) നം. 36 / 2015 / ത.സ്വ.ഭ.വ. പ്രകാരം ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് കുറഞ്ഞ നിരക്ക് 150/- കൂടിയ നിരക്ക് 160/- എന്ന് നിശ്ചയിച്ചിട്ടുമുണ്ട്. പഞ്ചായത്തിൽ നാളിതുവരെയും 'ആയുർവേദ സുഖചികിത്സാ കേന്ദ്രം' എന്ന ഗണത്തിന് വസ്തുനികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല. കുറഞ്ഞ നിരക്കായ 150/- വച്ച് നിശ്ചയിച്ചാൽ നാളിതുവരെ സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി നഷ്ടത്തിന്റെ കണക്ക് താഴെ പട്ടികയിൽ ചേർക്കുന്നു. 2019-20 മുതൽ നാളിതു വരെ പാരാമെഡിക്കൽ ലൈസൻസ് നേടി പ്രവർത്തിച്ച വരുന്ന ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി കണക്കാക്കിയത് പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച. മീ) | വസ്തുനികുതി നിരക്ക് | വർദ്ധനവ് ഉൾപ്പടെ | ആകെ | ലൈബ്രറി സെസ്സ് (5%) | ആകെ വസ്തുനികുതി | വാർഷിക വസ്തുനികുതി നഷ്ടം | 2019 -20 മുതൽ 2022 -23 വരെയുള്ള |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | വസ്തു നികുതി നഷ്ടം |
| 1 | 17/7B | 1206.08 | 1206.08*85 = 1,02,516.8 | 45% വർദ്ധനവ് 46,132.56 | 1,48,650 | 7,433 | 1,56,083 | 1,19,356 | 4,77,424 |
| | | | 1206.08*150 =1,80,912 | 45% വർദ്ധനവ് 81,410.4 | 2,62,322.4 | 13,116.12 | 2,75,439 | | |
| 2 | 17/7C | 1502.26 | 1502.26*85 = 1,27,692.1 | 45% വർദ്ധനവ് 57,461.445 | 1,85,154 | 9,258 | 1,94,412 | 1,48,667 | 5,94,668 |
| | | | 1502.26*150 =2,25,339 | 45% വർദ്ധനവ് 1,01,402.55 | 3,26,741.55 | 16,337 | 3,43,079 | | |
| 3 | 17/8എ | 722.41 | 722.41*85 = 61,404.85 | 45% വർദ്ധനവ് 27,632.1825 | 89,038 | 4,452 | 93,490 | 71,490 | 2,85,960 |
| | | | 722.41*150 = 1,08,361.5 | 45%വർദ്ധനവ് 48,762.675 | 1,57,124.175 | 7,856.20875 | 1,64,980 | | |
| 4 | 17/8ബി | 722.41 | 722.41*85 = 61,404.85 | 45% വർദ്ധനവ് 27,632.1825 | 89,038 | 4,452 | 93,490 | 71,490 | 2,85,960 |
| | | | 722.41*150 = 1,08,361.5 | 45% വർദ്ധനവ് 48,762.675 | 1,57,124.175 | 7,856.20875 | 1,64,980 | | |
| 5 | 17/7ഡി | 688.1 | 688.1*85 = 58488.5 | 30% 17546.55 | 76,036 | 3802 | 79,838 | 61,051 | 2,44,204 |
| | | | 688.1*150 = 1,03,215 | 30% വർദ്ധനവ് 30,964.5 | 1,34,179.5 | 6708.975 | 1,40,889 | | |
| 6 | 17/7എ | 259.61 | 259.61*85 =22,066.85 | 10% ഇളവ് = 2206.685, 20% വർദ്ധനവ് = 4413.37 | 24,274 | 1214 | 25,488 | 27,667 | 1,10,668 |
| | | | 259.61*150 = 38,941 .5 | 30% വർദ്ധനവ് = 11682.45 | 50,623.95 | 2531.19 | 53,155 | | |
| 7 | 17/8ഡി | 386.14 | 386.14*85 = 32821.9 | 45% വർദ്ധനവ് = 14,769.855 | 47,592 | 2380 | 49,972 | 38,213 | 1,52,852 |
| | | | 386.14*150 = 57,921 | 45% വർദ്ധനവ് =26064.45 | 83,985.45 | 4199.27 | 88,185 | | |
| 8 | 17/8 സി | 722.41 | 722.41*85 = 61,404.85 | 45% വർദ്ധനവ് 27,632.1825 | 89,038 | 4,452 | 93,490 | 71,490 | 2,85,960 |
| | | | 722.41*150 = 1,08,361.5 | 45% വർദ്ധനവ് 48,762.675 | 1,57,124.175 | 7,856.20875 | 1,64,980 | | |
| 2019 -20 മുതൽ 2022-23 വരെ ആകെ വസ്തുനികുതിയിനത്തിലെ നഷ്ടം | | | | | | | | | 24,37,696 |

2) മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ രാജ എക്കോബീച്ച് യൂണിറ്റ് -1 കാന്റീൻ 17/7 എ എന്ന കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10 %ഇളവ് നൽകിയിട്ടുണ്ട്. പ്രഥമ മേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പുറമെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10 %ഇളവ് നൽകിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

3) കെട്ടിടത്തിന്റെ ഉപയോഗക്രമം നിജപ്പെടുത്തുന്നതിനായി നടത്തിയ പരിശോധനയിൽ 12.1.23 ൽ ഓഡിറ്റ് എൻജിനീയറിങ് വിഭാഗത്തോടുകൂടിയ ഫീൽഡ് പരിശോധനയിൽ സ്വിമ്മിങ് പൂളിന് ഏകദേശം 330 ച.മീ. തറ വിസ്തീർണ്ണം ഉള്ളതായി കണ്ടു. ഈ കെട്ടിടത്തിന് 17/7 ബി എന്ന കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിനോട് ചേർന്നുള്ള സ്വിമ്മിംഗ് പൂൾ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 17/7 ബി എന്ന കെട്ടിടത്തോട് ചേർന്ന 17/7സി എന്ന കെട്ടിടവും കംപ്ലീഷന് സമർപ്പിച്ച പ്ലാനിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ കൂട്ടിയോജിപ്പിച്ച് പണിതതായ നിലയിൽ കണ്ടു. ആയത് വസ്തുനികുതി കണക്കാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ കോമ്പൗണ്ടിൽ നിരവധി കൊട്ടേജുകളും, കെട്ടിടങ്ങളും ഉള്ളതായി സ്ഥലപരിശോധനയിൽ കണ്ടു. എന്നാൽ ഇവ അസ്സെസ്സ് ചെയ്തിട്ടില്ല.

4) രാജ ബീച്ച് ആയുർവേദ ഹോസ്പിറ്റലിന്റെ കംപ്ലീഷന് ഫയൽ ലഭ്യമാക്കാത്തതിനാൽ 17/8 എ, ബി എന്ന കെട്ടിടത്തിനോട് ചേർന്നുള്ള ഏകദേശം 330 ച.മീ. തറ വിസ്തീർണ്ണം സ്വിമ്മിങ് പൂൾ വസ്തു നികുതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ടി കെട്ടിടത്തിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 18/13.1.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിവിധ ഘടകങ്ങളിലായി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്ന രീതിയിൽ തെറ്റായ നികുതി അസസ്സ്മെന്റ് നടത്തുകയും നികുതി അസസ്സ് ചെയ്യാതെ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുള്ളതായി ഓഡിറ്റ് വലയിരുത്തുന്നു. പഞ്ചായത്ത് തനതുവരവ് ആർജ്ജിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ട ധനകാര്യസ്ഥിരം സമിതി ഈ വിഷയം ഗൗരവമായി പരിഗണിച്ചു കാണുന്നില്ല. ആയതിന്റെ മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും സൂക്ഷ്മമായി പരിശോധിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 അമ്യൂസ്മെന്റ് പാർക്ക് - തെറ്റായി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സിസോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനിക്ക് സ്റ്റഡീസ് Pvt Ltd അമ്യൂസ്മെന്റ് പാർക്ക് എന്ന സ്ഥാപനത്തിലെ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

ഒരേ റോഡിനെ തന്നെ വ്യത്യസ്ത മേഖലകളിലും റോഡ് വീതിയിലും ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ചിരിക്കുന്നു.

മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ 12.1.23 ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ 5 മീ വീതിയുള്ള പഞ്ചവടി അമ്പലം ബീച്ച് റോഡിൽ നിന്ന് സ്ഥാപനത്തിലേക്ക് പ്രവേശനമുള്ളതായി കണ്ടു. ഒരേ പ്രവേശന മാർഗ്ഗമുള്ള സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ 3 കെട്ടിടങ്ങളാണ് ഉള്ളത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ നികുതി നിർണ്ണയത്തിൽ താഴെ പറയും പ്രകാരം വ്യത്യസ്തമായാണ് ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ (തറ വിസ്തീർണ്ണം) | റോഡിന്റെ പേര് | സഞ്ചയ പ്രകാരം റോഡ് വീതി (മീ) | ആസ്തി രെജിസ്റ്റർ പ്രകാരം റോഡ് വീതി (മീ) | സഞ്ചയ പ്രകാരം മേഖല | ഇളവ് | വർദ്ധനവ് |
|---|---|---|---|---|---|---|---|
| 1 | 125 എ (685.27 ച. മീ.) | നോർത്ത് 3 സെന്റ് കോളനി | 1.5 മീ. കൂടുതൽ | 2.5 | ദ്വിതീയം | മേഖല – 10% | തറനിർമ്മിതി -15 % |

| | | | | | | | |
|---|---|---|---|---|---|---|---|
| | | റോഡ് | | | | | |
| 2 | 160 ഡി (297 ച. മീ.) | പഞ്ചവടി അമ്പലം ബീച്ച് റോഡ് | 5 | 3.6 | ദ്വിതീയം | മേഖല – 10% മേൽക്കൂര-10% | വഴി സൗകര്യം -20 % |
| 3 | 160 ബി (1927.95 ച. മീ.) | പഞ്ചവടി അമ്പലം ബീച്ച് റോഡ് | 5 | 3.6 | പ്രഥമം | മേൽക്കൂരയുടെ – 10% | വഴി സൗകര്യം -20 % |

താഴെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം.26/16.01.2023)

1. ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വ്യത്യസ്ത റോഡ് വീതി, വ്യത്യസ്ത മേഖല എന്നിവയിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.
2. ആസ്തി രജിസ്റ്ററിലെയും സഞ്ചയ സോഫ്റ്റ് വെയറിലെയും റോഡ് വീതി തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. 160 ബി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിൽ പൂർണ്ണമായി സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയത്തിൽ ഇതിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.
4. ടി സ്ഥാപനത്തിൽ നിന്നും വിനോദ നികുതി ഈടാക്കിയതിന്റെ വിവരം സൂക്ഷിച്ചിട്ടില്ല.

1-18 രസീത് ബുക്കുകളുടെ ഡെലിവറി ചലാൻ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിലേക്ക് ആവശ്യമുള്ള മാനുവൽ രസീത് ബുക്കുകൾ വാങ്ങിക്കുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോടിന് വൗച്ചർ നമ്പർ: 54, 22100521 (52100533 )/ 22.10.21 പ്രകാരം 3531/– തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകളുടെ ഫയൽ പരിശോധിച്ചതിൽ തുകയുടെ കൈപ്പറ്റ് രസീത് മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. നോട്ട് ഫയലിൽ നിന്നും 30 രസീത് ബുക്കുകൾ വാങ്ങാനാണ് തുക നൽകിയതെന്ന് കാണുന്നു. രസീത് ബുക്കുകൾ ലഭ്യമാക്കുമ്പോൾ നൽകുന്ന ഡെലിവറി ചലാൻ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.28/16.01.2023)

1-19 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറിലും 2021-22 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കേരള സർക്കാർ നൽകുന്ന സാമൂഹ്യസുരക്ഷപെൻഷനുകളിലേക്ക് എൻറോൾമെന്റ് നടത്തുക, മരണം സംഭവിച്ചവരേയും അനർഹരേയും പട്ടികയിൽ നിന്നും ഒഴിവാക്കുക എന്നീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവുകളും സർക്കുലറുകളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരുന്നു (സ.ഉ (എം.എസ്) നം.-97/2020 തീ.23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന). എന്നാൽ ഈ ഉത്തരവുകളും സർക്കുലറുകളും പാലിക്കപ്പെടുന്നില്ല.

പരിശോധനയിൽ കണ്ടെത്തിയ മരണപ്പെട്ട സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അനർഹമായി

വിതരണം ചെയ്ത പെൻഷന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക (1600/- മാസം തോറും ) |
|---|---|---|---|---|---|---|
| 1 | സുഭദ്ര | വാർദ്ധക്യകാല പെൻഷൻ | 107150200481 | 31.5.21 | 8/21 വരെ നൽകി | 3 * 1600 |
| 2 | കമല്യ ഗോപാലൻ | വാർദ്ധക്യകാലപെൻഷൻ | 107150100203 | 29.5.21 | 8/21 വരെ നൽകി | 3 * 1600 |
| 3 | മുഹമ്മദ് മൊയ്തുണ്ണി | വാർദ്ധക്യകാല പെൻഷൻ | 107150201309 | 15.6.21 | 8/21 വരെ നൽകി | 2 * 1600 |
| 4 | വള്ളിയമ്മു | വാർദ്ധക്യകാല പെൻഷൻ | 107150200260 | 19.5.21 | 8/21 വരെ നൽകി | 3 * 1600 |
| 5 | മുഹമ്മദുണ്ണി അലിഅഹമ്മദ് | വാർദ്ധക്യകാല പെൻഷൻ | 107150201609 | 21.6.21 | 8/21 വരെ നൽകി | 2 * 1600 |
| 6 | അബൂബക്കർ അബ്ദുട്ടി | വാർദ്ധക്യകാല പെൻഷൻ | 107150201533 | 22.4.21 | 8/21 വരെ നൽകി | 4 *1600 |
| 7 | അബൂബക്കർ | കർഷക പെൻഷൻ(ആക്ടീവ്) | 2220264214 | 24.6.21 | 11/ 22 വരെ നൽകി | 17 *1600 |
| 8 | സുഹറ | വിധവ പെൻഷൻ | 107150601909 | 30.3.21 | 8/21 വരെ നൽകി | 5*1600 |
| 9 | മൊയ്തുണ്ണി | കർഷക പെൻഷൻ(ആക്ടീവ്) | 2220264476 | 29.8.21 | 12/21 വരെ നൽകി | 4 *1600 |
| 10 | മൊയ്തുണ്ണി മുഹമ്മദ് | വാർദ്ധക്യകാല പെൻഷൻ | 107150201605 | 5.9.21 | 11/21 വരെ നൽകി | 2 * 1600 |
| 11 | കാസിം ഹാജി | കർഷക പെൻഷൻ(ആക്ടീവ്) | 2220264270 | 12.9.21 | 11/22 വരെ നൽകി | 14 * 1600 |
| 12 | ബീവു ഹൈദ്രു | വാർദ്ധക്യകാല പെൻഷൻ | 107150200601 | 9.8.21 | 11/21 വരെ നൽകി | 3 * 1600 |
| 13 | യൂസഫ് | വാർദ്ധക്യകാല പെൻഷൻ | 107150201867 | 23.4.21 | 6/21 വരെ നൽകി | 2 * 1600 |

മുകളിൽ പറഞ്ഞ മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.28/16.01.2023)

## 1-20 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രോജക്റ്റ് : S0199/22 വികലാംഗർക്ക് മുച്ചക്രവാഹനം

അടങ്കൽ -95000/-

ചെലവ് -95000/-

വൗച്ചർ നം. 22100953/07.01.2022

മേൽ സ്പിൽ ഓവർ പദ്ധതിപ്രകാരം മുച്ചക്രവാഹനം വിതരണം ചെയ്ത വിനീത് എന്ന ഗുണഭോക്താവിന്റെ

ഡ്രൈവിംഗ് ലൈസൻസിന് പകരം ഹാജരാക്കിയ ലേണേഴ്സ് ലൈസൻസിന്റെ കാലാവധി 22.03.2021 മുതൽ 21.09.2021 വരെയാണ്. തുടർന്നും കാലാവധിയുള്ള ലൈസൻസ് രേഖകൾ ഹാജരാക്കേണ്ടതാണ്.

2) പ്രോജക്റ്റ് : 78/22 വികലാംഗർക്ക് മുച്ചക്രവാഹനം

അടങ്കൽ -380000/-

ചെലവ് -380000/-

വൗച്ചർ നം. 22100955/10.01.2022

മേൽ പദ്ധതിപ്രകാരം മുച്ചക്രവാഹനം വിതരണം ചെയ്ത ഷറഫുദ്ദീൻ എന്ന ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസിന് പകരം ഹാജരാക്കിയ ലേണേഴ്സ് ലൈസൻസിന്റെ കാലാവധി 14.09.2021 മുതൽ 13.03.2022 വരെയാണ്. തുടർന്നും കാലാവധിയുള്ള ലൈസൻസ് രേഖകൾ ഹാജരാക്കേണ്ടതാണ്.

3) 33 അംഗൻവാടികളാണ് പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. അംഗൻവാടികളുടെ ഫിറ്റ്നസ് സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ റിപ്പോർട്ടിൽ 32 അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. 1 അംഗൻവാടിക്ക് സുരക്ഷിതത്വമില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 53-ാം നമ്പർ അംഗൻവാടിക്ക് (രാജ ബീച്ച്) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. അംഗൻവാടി പ്രവർത്തിക്കുന്ന കെട്ടിടത്തിന് നമ്പർ ഇല്ലാത്തതിനാൽ ആണ് ഫിറ്റ്നസ് ലഭിക്കാത്തത് എന്ന് അസിസ്റ്റന്റ് എൻജിനീയർ പറഞ്ഞിട്ടുണ്ടെന്നും പ്രസ്തുത അംഗൻവാടിക്ക് നിലവിൽ സ്ഥലം ലഭിച്ചിട്ടുള്ളതിനാൽ കെട്ടിടം പണിയാൻ വേണ്ട നടപടികൾ നടക്കുന്നുണ്ട് എന്നും ഇപ്പോൾ താൽക്കാലികമായി പ്രവർത്തിക്കുന്ന കെട്ടിടത്തിന് നമ്പർ ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് കെട്ടിടത്തിന് ഫിറ്റ്നസ് ലഭ്യമാക്കുന്നതിനു ശ്രമിക്കാൻ കെട്ടിട ഉടമയോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം.6/11.01.2023)ക്ക് ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികൾ താമസംവിനാ സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി (എസ്.സി.) - പണി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ.(എടക്കഴിയൂർ സർക്കിൾ)

1) പ്രോജക്റ്റ് : 66/22 ലൈഫ് ഭവന പദ്ധതി (എസ്.സി.)

അടങ്കൽ -10000000/-

ചെലവ് -4579666/-

ഫണ്ട്-വികസന ഫണ്ട് (ജനറൽ)-161400/-,

വികസന ഫണ്ട് (എസ്.സി.പി.)-2318266/-,

സംസ്ഥാനാവിഷ്കൃത ഫണ്ട് - 500000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1080000/-,

ജില്ലാ പഞ്ചായത്ത് വിഹിതം-520000/-

മേൽ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ വീടുപണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | |
|---|---|---|---|
| 1 | ബിന്ദു രവി വിരുപ്പാക്കത്തറയിൽ | 15.02.2021-40000/-<br>26.07.2021-160000/-<br>11.10.2021-100000/- | 300000/- |
| 2 | കല്ലു കണ്ടാരൻ തറയിൽവീട് | 11.02.2021-40000/-<br>26.07.2021-160000/-<br>11.2.2022-100000/ | 300000/- |
| 3 | സജിനി ദേവദാസ് വേഴംപറമ്പത്ത് | 12.08.2021-40000/-<br>17.09.2021-160000/- | 300000/- |

| | | | |
|---|---|---|---|
| | | 11.10.2021-100000/ | |
| 4 | ജയലക്ഷ്മി വേലായുധൻ, ചമ്മിണി ഹൗസ് | 15.02.2021-40000/-<br>11.10.2021-160000/-<br>24.03.2022-100000/ | 300000/- |
| 5 | അനിത ഒ.വി., വേഴംപറമ്പത്ത് | 15.02.2021-40000/-<br>11.10.2021-160000/- | 200000/- |
| 6 | ശാന്ത എ.കെ., തറയിൽ | 15.02.2021-40000/-<br>11.02.2022-160000/- | 200000/- |
| 7 | നീതു മനോഷ്, കിഴക്കയിൽവീട് | 15.02.2021-40000/-<br>11.02.2022-160000/-<br>24.03.2022-100000/- | 300000/- |
| 8 | സുബിത ഗണേഷ് , ഓവാട് | 03.09.2020-40000/-<br>17.03.2022-160000/- | 200000/- |
| 9 | സന്ധ്യ ശ്രീനിവാസൻ, കൊട്ടേക്കാട് | 15.02.2021-40000/-<br>17.03.2022-159666/- | 199666 |
| 10 | ശോഭ വേലായുധൻ, മാങ്ങാടി ഹൗസ് | 17.03.2022-200000/-<br>16.08.2022-100000/- | 300000/- |
| 11 | സുധ പി.കെ., കോമത്ത് | 17.03.2022-40000/-<br>16.08.2022-160000/- | 200000/- |
| 12 | റിനിഷ വി.പി., വേഴംപറമ്പത്ത് | 03.09.2020-40000/-<br>15.02.2021-160000/-<br>17.03.2022-100000/- | 300000/- |
| 13 | ലിമ വിജീഷ്, കൊഴപ്പാട്ട് | 03.09.2020-40000/-<br>24.03.2022-160000/- | 200000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും അവസാന ഗഡു കൂടി കൊടുക്കുവാനുണ്ട്.

1. ദിനി കൃഷ്ണൻ കോവുമ്മത്തറയിൽ (I ഗഡു -15.02.2021-200000/-, II ഗഡു -17.09.2021-100000/-എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്.)

2. സീന അർജ്ജുനൻ കളിച്ചെത്ത് (I ഗഡു -10.01.2022-198600/-, II ഗഡു -17.09.2021-101400/- എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്.)

നിർമ്മാണം പൂർത്തീകരിച്ച വിവരം അറിയിക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/13.01.2023)

## 1-22 വി.ഇ.ഒ.(പുന്നയൂർ സർക്കിൾ) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രോജക്റ്റ് : 60/22 വീട് വാസയോഗ്യമാക്കൽ (ജനറൽ)

അടങ്കൽ -1000000/-

ചെലവ് –750000/-

ട്രഷറി ബിൽ നം.4/21-22 തീ.22.10.2021 -125000/-, ബിൽ നം.10/21-22 തീ.30.12.2021-100000/-,
ബിൽ നം.14/21-22 തീ.22.01.2022-150000/-, ബിൽ നം.16/21-22 തീ.11.02.2022-100000/-,
ബിൽ നം.26/21-22 തീ.26.03.2022-250000/-, ബിൽ നം.31/21-22 തീ.30.03.2022-25000/-

ഭവനം അറ്റകുറ്റപ്പണികൾ ചെയ്ത് വാസയോഗ്യമാക്കുന്നതിന് 25000/- രൂപ വീതമുള്ള 2 ഗഡുക്കളാണ് ഗുണഭോക്താക്കൾക്ക് മേൽ പദ്ധതിപ്രകാരം നല്കുന്നത്. താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് 1 ഗഡു മാത്രമേ കൈമാറിയിട്ടുള്ളൂ.

1. സലിം അബു കല്ലൂരയിൽ
2. നൗഫൽ കുന്നംഞ്ചേരി
3 സൈദ് മുഹമ്മദ് ആലുങ്കൽ
വീടിന്റെ റിപ്പയറിങ് പൂർത്തീകരിച്ച് തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളായ 1. നബീസു അബൂബക്കർ 2.അബൂബക്കർ മാടാടത്തയിൽ എന്നിവരുടെ വാസഗൃഹത്തിന്റെ കാലപ്പഴക്കം അറിയാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്കായുള്ള അവരുടെ അർഹത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

2) പ്രോജക്റ്റ് : 62 / 22 ഹരിതകർമ്മസേനയ്ക്ക് വയബെലിറ്റി ഗ്യാപ് ഫണ്ട്
അടങ്കൽ -463500/-

ചെലവ് -219220/-

ട്രഷറി ബിൽ നം.7/21-22 തീ.20.11.2021 -20650/-, ബിൽ നം.11/21-22 തീ.03.01.2022-55500/-,
ബിൽ നം.15/21-22 തീ.11.02.2022-43500/-, ബിൽ നം.26/21-22 തീ.28.02.2022-25370/-,
ബിൽ നം.23/21-22 തീ.17.03.2022-52150/-, ബിൽ നം.24/21-22 തീ.17.03.2022-22050/-

ക്ലീൻ പുന്നയൂർ ഹരിതകർമ്മസേന കൺസോർഷ്യത്തിന് 55500/-, 43500/-, 52150/-, 22050/- എന്നീ തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ 7രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവു തുക 219220/-രൂപ തടസ്സത്തിൽ വയ്ക്കുന്നു .

3) പ്രോജക്റ്റ് : 172 / 22 ലൈഫ് ഭവന പദ്ധതി (ജനറൽ)
അടങ്കൽ – 4490521/-
ചെലവ് – 80000/-
ട്രഷറി ബിൽ നം.2/21-22 തീ.24.08.2021
മേൽ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ശ്രീമതി. ജ്യോതി വെങ്കിടാചലം എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി 13-10-2018 ന് 40000 രൂപയും 21-08-2020 ന് 160000 രൂപയും 2020-21 കാലയളവിൽ 100000 രൂപയും 24.08.2021 ന് 80000/- രൂപയും കൂടി ആകെ 380000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ വീടുപണി പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പ്രോജക്റ്റ് : 71/22 ലൈഫ് ഭവന പദ്ധതി (ജനറൽ)
അടങ്കൽ – 10000000/-
ചെലവ് – 1520000/-
വികസനഫണ്ട് -1440000/-, സംസ്ഥാനാവിഷ്കൃതഫണ്ട് – 500000/-
മേൽ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ വീടുപണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | |
|---|---|---|---|
| 1 | സുഹറ ഇമ്പായി കരുമത്തിപറമ്പിൽ | 200000-(20-21)<br>100000-28.6.21 | 300000 |
| 2 | ഫാത്തിമ സുലൈമാൻ തേച്ചൻപുരക്കൽ | 200000-(20-21)<br>100000-27.10.21 | 300000 |
| 3 | ആച്ചുമ്മ പനിച്ചാംകുളങ്ങര | 200000-13.01.2022<br>100000-14.02.2022 | 300000 |
| 4 | സുബൈദ ഹംസ മൂത്തോത്ത് | 40000-10.10.2018<br>140000- (19-20) | 300000 |

| | | | |
|---|---|---|---|
| | | 120000-13.01.2022 | |

ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

ഷാജഹാൻ പുതക്കാട്ടിൽ എന്ന വ്യക്തിക്ക് 13.1.2022 തീയതിയിൽ മേൽ പദ്ധതിപ്രകാരം 40000/- രൂപ നൽകിയെങ്കിലും തുടർന്ന് ഭവന നിർമ്മാണം നടക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/13.01.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരം പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.പ്രോജക്ക്: 73/22 - ടോയ്ലറ്റ് അറ്റകുറ്റപ്പണി – വ്യക്തിഗതം (റെട്രോഫിറ്റിംഗ്)

അടങ്കൽ – 1044120/-

ചെലവ് – 101760/-

ട്രഷറി ബിൽ നം.19/21-22 തീ.17.02.2022 -63600/-, ബിൽ നം.32/21-22 തീ.30.03.2022 -38160/-,

താഴെക്കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ ടോയ്ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗഡുക്കൾ മുഴുവനായും കൈപ്പറ്റിയിട്ടില്ല.

1. നബീസ അബൂബക്കർ മടാടത്തയിൽ
2. ഷാജിത ഹസ്സൻ കാഞ്ഞിരപ്പറമ്പിൽ
3. ഹയറുന്നീസ ഹംസു പാലക്കൽ
4. സുനില രാജൻ താമരത്ത്

ടോയ്ലറ്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.14/13.01.2023, ഓഡിറ്റ് എൻക്വയറി നം.27/16.01.2023)

## 1-23 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതി നം /പദ്ധതിയുടെ പേര് | തുക അനുവദിച്ചത് | തുക | | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/22<br>ഐ കെ എം പ്രവർത്തന ഫണ്ട് വരിസംഖ്യ | ഐ കെ എം | 137183 | ബിൽ നം. 14/21-22 തീ.11.11.2021 | - |
| 2 | 52/22<br>കാൻ - തൃശ്ശൂർ പദ്ധതിയ്ക്ക് ജില്ല പഞ്ചായത്തിന് വിഹിതം നൽകൽ | ജില്ല പഞ്ചായത്ത് | 100000 | ബിൽ നം. 24/21-22 തീ.20.01.2022 | കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല |

വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/13.01.2023)

## 1-24 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

1.പ്രൊജക്ട് നമ്പർ – 55/22, സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ – 450000
ചെലവ് – 426921
ഫണ്ട് – ജനറൽ
വൗച്ചർ നമ്പർ – 22100829/തീ.08.09.21, തുക –159460
വൗച്ചർ നമ്പർ – 22100904/തീ.22.11.21, തുക –181356
വൗച്ചർ നമ്പർ – 22101298/തീ.14.03.22, തുക –15495
വൗച്ചർ നമ്പർ – 22101302/തീ.15.03.2022, തുക –24050
വൗച്ചർ നമ്പർ – 22101249/തീ.09.02.2022, തുക –46560

2.പ്രൊജക്റ്റ് നമ്പർ – 186/22, ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് റിപ്പയർ (സ്പിൽ ഓവർ)
അടങ്കൽ – 100000/-, ചെലവ് – 99998/-
ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ്
വൗച്ചർ നമ്പർ – 22101240
3)പ്രൊജക്റ്റ് നമ്പർ – 115/22 തെരുവ് വിളക്ക് പരിപാലനം
അടങ്കൽ – 450000, ചെലവ് – 254730, ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ്
വൗച്ചർ നമ്പർ – XVFC/2021-22/P/25.03.2022
2021-22 ൽ തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് ചുവടെ ചേർക്കുന്നവ അപാകതകൾ ഉണ്ട്.

(1) കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം സൂക്ഷിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

(2)കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

((3)തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഇല്ല.

(4) കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ വ്യക്തതയില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം .31 /16.01.2023)

## 1-25 നാഷണൽ ഹൈവേ വികസനം-പഞ്ചായത്ത് വക റോഡ് ഭാഗങ്ങൾ, ആസ്തികൾ എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ ആയത് കടന്നുപോകുന്ന ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി പുന്നയൂർ ഗ്രാമപഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പല റോഡ് ഭാഗങ്ങളിലൂടെയും പുതിയ നാഷണൽ ഹൈവേ 66 കടന്നുപോകുന്നുണ്ട്. ആയതിന്റെ ഭാഗമായി താഴെ സൂചിപ്പിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 2/06-01-23) നൽകിയിട്ടുണ്ട്.
1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന നാഷണൽ ഹൈവേ 66 ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം റോഡ് ഭാഗങ്ങളിലൂടെയാണ്/റോഡിലൂടെയാണ് കടന്നുപോകുന്നത് ? ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഏതെങ്കിലും ആസ്തി ഈ ഹൈവേ കടന്നു പോകാനിരിക്കുന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്നുണ്ടോ?
2. ഗ്രാമപഞ്ചായത്തിന്റെ വക ആസ്തിയായിട്ടുള്ള റോഡ്/ റോഡ് ഭാഗങ്ങൾ/ഭൂമി / കെട്ടിടങ്ങൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുമായി എന്തെങ്കിലും കത്തിടപാടുകൾ, ഉടമ്പടികൾ, ധാരണകൾ നടത്തിയിട്ടുണ്ടോ?
3. ഇതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഗ്രാമപഞ്ചായത്തുമായി എന്തെങ്കിലും കത്തിടപാടുകൾ

നടത്തിയിട്ടുണ്ടോ?

4. ഗ്രാമപഞ്ചായത്തിന്റെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി നീക്കം ചെയ്തിട്ടുണ്ടോ?

5. നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വക ആസ്തി നാഷണൽ ഹൈവേക്ക് കൈമാറുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

6. സർക്കാരിൽനിന്നും ഇത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോ ?

7. നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ/സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായിട്ടുണ്ടോ?

8. വസ്തു ഏറ്റെടുക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി അധികാരികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ?

മേൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എൻജിനീയർ എന്നിവർക്ക് നൽകുകയുണ്ടായി.

എന്നാൽ മറുപടി ലഭ്യമായില്ല.

2005-ലെ കേരളാ പഞ്ചായത്തുരാജ് ചട്ടങ്ങൾ പ്രകാരമുള്ള വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടങ്ങളിലെ അദ്ധ്യായം 2 (വസ്തു കൈയൊഴിയൽ) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള വസ്തുക്കൾ വില്പന വഴി കൈമാറ്റം ചെയ്യുവാനാണ് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ വ്യവസ്ഥയുള്ളത്. ആസ്തികൾ മറ്റ് തരത്തിൽ കൈമാറ്റം ചെയ്യുവാൻ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാരത്തുക നൽകിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട റോഡ് ഭാഗങ്ങൾ ഉൾപ്പെടെയുള്ള ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതു തന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 മൽസ്യകൃഷി ഇൻഷൂറൻസ് നടപ്പിലാക്കണം.

പദ്ധതി നമ്പർ - 98/21-22 –ബയോഫ്ലോക്ക് മൽസ്യകൃഷി

നിർവ്വഹണോദ്യോഗസ്ഥൻ –സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ – 8,28,000 (പൊതു വിഭാഗം, സാധാരണ വിഹിതം)

ചെലവ് – 1,10,400

ബിൽ നമ്പർ – 429128/തിയ്യതി-23/3/22

സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ ബയോഫ്ലോക്ക് മൽസ്യകൃഷി പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്, 29/05/20-ലെ സ.ഉ. (സാധാ) നം 1009/2020/തസ്വഭവ – സുഭിക്ഷ കേരളം പദ്ധതി – ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ – ഖ.4-5 പ്രകാരം മൽസ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണം. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.9 തിയ്യതി 11-01-23 ന് മറുപടി ലഭ്യമാക്കിയ മറുപടി പ്രകാരം ഇൻഷൂറൻസ് സ്കീം ലഭ്യമാക്കിയിട്ടില്ലായെന്നറിയിച്ചിട്ടുണ്ട് ഗുണഭോക്താവിന് കൃഷി നാശത്തിൽ നിന്ന് സംരക്ഷണം നൽകുന്നതിനുതകുന്ന ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കൽ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ് .

## 1-27 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

പദ്ധതി നമ്പർ -64/21-22

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ 3,00,000 (പൊതുവിഭാഗം)

ചെലവ് 3,00,000

വൗച്ചർ നമ്പർ 564792/27-10-21

മേൽ പദ്ധതി പ്രകാരം ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3,00,000 രൂപ റസീറ്റ് നമ്പർ 3390/11-12-21 പ്രകാരം നൽകിയിട്ടുണ്ട് , എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ.25 തിയ്യതി 16/1/23ന് ലഭ്യമാക്കിയ മറുപടി പ്രകാരം നാളിതുവരെയായി 1,99,813 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നാണറിയിച്ചിട്ടുള്ളത്. തുക കൈമാറിയിട്ട് ഒരു വർഷത്തോളമായ സാഹചര്യത്തിൽ, പ്രസ്തുത സ്ഥാപനത്തിന് ആവശ്യമായ ഓർമ്മ കുറിപ്പുകൾ നൽകി മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 46-ബി -4659, ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ. 9/9/21ന് 51.39 ലിറ്റർ ഇന്ധനം നിറച്ചത് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല) തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3) വാഹനം ലേലനടപടികൾ പൂർത്തിയാക്കി കൈമാറിയ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം യഥാസമയം ലഭ്യമാക്കിട്ടില്ല കാലിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട റജിസ്റ്ററുകളും രേഖകളും ശരിയായരീതിയിൽ എഴുതിസൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 30 തിയ്യതി 16-1-23

| | |
|---|---|
| പ്രോജക്ട് | 85/22- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത ) |
| ചെലവഴിച്ച തുക | 3,50,000/- (വികസന ഫണ്ട് (ജനറൽ)) (വൗച്ചർ നം. 18/21-22 24.12.21) |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു

(എ) വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 6250/- രൂപ നിരക്കിൽ 28 ഗുണഭോക്താക്കൾക്കായി ₹3,50,000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ബി) പ്രൊജക്ടുമായി ബന്ധപ്പെട്ട കാലിത്തീറ്റ വിതരണം രോഹിണി കുടുംബശ്രീയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഓഡിറ്റ് കാലയളവിലുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ നിലവിൽ സൂക്ഷിച്ചിട്ടുള്ള കാലിത്തീറ്റ സ്റ്റോക്ക് റജിസ്റ്റർ,ഗുണഭോക്താക്കളുടെ നാൾവഴി റജിസ്റ്റർ എന്നിവ വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തിയാകുന്ന മുറക്ക് ചെലവു ചെയ്ത തുകക്ക് വിനിയോഗസാക്ഷ്യപത്രം

യഥാസമയം ലഭ്യമാക്കേണ്ടതും, കാലിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റു രേഖകളും ശരിയായരീതിയിൽ എഴുതിസൂക്ഷിക്കേണ്ടതുമാണ്.

## 1-30 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ₹ 1,70,780/-ചെലവഴിച്ചു

നിർവഹണോദ്യോഗസ്ഥൻ: കൃഷിആഫീസർ
ഓഡിറ്റ് എൻക്വയറി നം. 4 തിയ്യതി 9-1-23

എ )പ്രോജക്ട് നമ്പർ – 70/22 -കൃഷി ഭവനിലേക്ക് ഫർണിച്ചർ

അടങ്കൽ & ചെലവ് ( വികസനഫണ്ട് പൊതു വിഭാഗം) 87670/-
വൗച്ചർ നമ്പർ - 22100864/26.10.21

മേൽകാര്യത്തിൽ SIDCO യിൽ നിന്ന് സ്റ്റീൽ മേശ, അലമാര, കസേരകൾ എന്നിവ വാങ്ങിയിട്ടുണ്ട്.

( ബി )പ്രോജ. – 80/22 -കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ ഫോട്ടോസ്റ്റ് മെഷ്യൻ

അടങ്കൽ&ചെലവ് ( വികസനഫണ്ട് പൊ.വി ) ₹ 83110/-
വൗച്ചർ നമ്പർ - 22101390/31.1.22

മേൽ പ്രൊജക്റ്റു പ്രകാരം പ്രിന്റർ കം ഫോട്ടോസ്റ്റ് മെഷ്യൻ, യു.പി.എസ് എന്നിവ KELTRON ൽ നിന്ന് വാങ്ങിയിട്ടുണ്ട്.

സ.ഉ.(കൈ)നം.22/2018/തസ്വഭവ/തീ.14.02.2018 ഖണ്ഡിക 6.7 (4) പ്രകാരം മേൽ ആവശ്യങ്ങൾക്ക് റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമാണ് വിനിയോഗിക്കേണ്ടത് ഉത്പാദന മേഖലയിൽ ചെലവഴിക്കേണ്ട വികസനഫണ്ട് ഇതര ആവശ്യത്തിന് വിനിയോഗിച്ച കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നതിന് മേലിൽ ആവർത്തിക്കുകയില്ലായെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്.

## 1-31 ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പു വരുത്തിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം. 23 തിയ്യതി 16-1-23

ജി.എസ്.ടി നിയമം 2017 വകുപ്പ് 31, ജി.എസ്.ടി ചട്ടങ്ങൾ 2017 ചട്ടം 31 എന്നിവ പ്രകാരം Issuance Of Invoice Or A Bill Of Supply For Every Supply Of Goods Or Services Or Both Is Mandatory. ബിൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ താഴെ ചേർക്കുന്നതുപ്രാകാരമുള്ള പ്രവൃത്തികൾക്ക് ജി.എസ്.ടി തുക ഉൾപ്പടെ ചെലവു തുക അനുവദിച്ചപ്പോൾ ഉത്ഭവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പട്ട കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

| പ്രൊജ.നം. | പ്രൊജ. പേരുവിരം/കരാറുകാരന്റെ പേര് | ജി.എസ്.ടി ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 162/22 | സി.എച്ച് റോഡ് കോൺക്രീറ്റിങ്/<br>അഷ്കർ എം.പി | ₹ 6537- |
| 152/22 | കാട്ടിലപ്പണി ബീച്ച് റോഡ്/<br>വിജയൻ കെ.എ | ₹ 7175- |
| 134/22 | ജി.എഫ്.യു.പി.എസ്സേവിങ് ടൈൽസ്/<br>സുനിൽകുമാർ എം.എം | ₹ 18210- |
| 165/22 | ഗുൽമേദ്കർ റോഡ്/<br>മുഹമ്മദ് പി. | ₹ 10212- |
| 153/22 | എ.കെ.എം റോഡ് ഡ്രെയിൻ/<br>വിജയൻ കെ.എ | ₹ 16646- |

ജി.എസ്.ടി അടവ് വരുത്തിയതുമായി ബന്ധപ്പട്ട വിവരങ്ങൾ കരാറുകാരിൽ നിന്ന് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് നൽകേണ്ടതാണ്.

1-32 വിവിധ പ്രവൃത്തികളുമായി ബന്ധപ്പട്ട് ലഭ്യമായ മണ്ണിന്റെ വിനിയോഗം ലഭ്യമാക്കിയില്ല

ഓഡിറ്റ് എൻക്വയറി നം. 22തിയ്യതി 16-1-23

വിവിധ പ്രവൃത്തികളുമായി ബന്ധപ്പട്ട് ലഭ്യമായ മണ്ണിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജ. നം. | എം.ബി.നം./ പേജ് നം./ഇനം നം. | കരാറുകാരന്റെ പേര് | ലഭ്യമായ മണ്ണിന്റെ അളവ് |
|---|---|---|---|
| 111/22 | (എ)79/20-പേജ് നം.1 ,2 ഇനം നം. 1 (ബി)93/20-പേജ് നം.9 ഇനം നം. 1 | വിജയൻ കെ.എ | 87.5 M3 |
| 110/22 | 85/20-പേജ് നം.5 ഇനം നം. 2 | മുഹമ്മദലി. പി | 125.76 M3 |
| 243/22 | 84/20-പേജ് നം.1 ,2,3 ഇനം നം. 1 | സുനിൽകുമാർ എം.എം | 44.26 M3 |
| 229/22 | 94/20-പേജ് നം.1 ,2&10 ഇനം നം. 1 | സുനിൽകുമാർ എം.എം | 56.59 M3 |
| 112/22 | 5/22-പേജ് നം.4&19 ഇനം നം. 1 | B 2 S ഡവലപ്പേഴ്സ് | 254.26 M3 |
| 163/22 | 38/19-പേജ് നം.1 ഇനം നം. 1 | മുഹമ്മദലി. പി | 65.52 M3 |
| 154/22 | 38/19-പേജ് നം.1 ,2 ഇനം നം. 1 | വിജയൻ കെ.എ | 42.344 M3 |
| 151/22 | 39/19-പേജ് നം.1 ,2 ഇനം നം. 2 | വിജയൻ കെ.എ | 17.325 M3 |
| 150/22 | 18/19-പേജ് നം.1 ,2,3 ഇനം നം. 1 | അഷ്കർ എം.പി | 36.40 M3 |
| 141/22 | 6/21-പേജ് നം.1 ,2 ഇനം നം. 1 | കബീർ | 48.60 M3 |

മേൽപ്രകാരം മണ്ണ് ലേലം ചെയ്യാവുന്നതാണെന്ന് അസി.എഞ്ചിനീയർ അളവു പുസ്തകത്തിൽ ചേർത്തു കാണുന്നു. ഇക്കാര്യം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിന്റെയും ആയതനുസരിച്ച് മണ്ണ് ലേലം ചെയ്ത് തുക ലഭിച്ചതിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

മണ്ണ് കാലതാമസം വരുത്താതെ ലേലം ചെയ്ത് തുക മുതൽകൂട്ടി വിവരം യഥാസമയം ഓഡിറ്റിന് നല്കേണ്ടതാണ്.

1-33 അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ -അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് എൻക്വയറി നം. 29 തി.16-1-23

ഓഡിറ്റ് കാലയളവിൽ കോസ്റ്റ്ഫോർഡ്, നിർമിതി കേന്ദ്രം എന്നി സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികൾ

നിർവഹിച്ചതിന് താഴെ ചേർക്കുന്നതുപ്രകാരംചെലവ് തുക നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

എ. കോസ്റ്റ്ഫോർഡ് വഴി ചെയ്ത പ്രവൃത്തികൾ

( I ) പ്രൊജ.നം.128/22 കാർഷിക സമുച്ചയം

പാർട്ട് ബിൽ വൗ.നം. 22101377 തി. 9-2-22, ₹ 1,74,495- ( മെയിന്റനൻസ് ഫണ്ട് (റോഡിതരം )

( Ii ) പ്രൊജ.നം. 129/22 പി.എച്ച്.സി യിൽ ടോയ്ലറ്റ്, മുലയൂട്ടൽ കേന്ദ്രം

പാർട്ട് ബിൽ വൗ.നം. 22101378 തി. 9-2-22, ₹ 2,40,738- ( ധനകാര്യ കമ്മീഷൻ അവാർഡ് )

ബി. നിർമിതി കേന്ദ്രം വഴി ചെയ്ത പ്രവൃത്തി

പ്രൊജ.നം. 249/22 GLP സ്കൂൾ നവീകരണം

പാർട്ട് ബിൽ വൗ.നം. 22101351 തി. 30-3-22, ₹ 23,62,293- ( മെയിന്റനൻസ് ഫണ്ട് റോഡിതരം )

പാർട്ട് ബിൽ വൗ.നം. 22101369 തി. 20-3-22, ₹ 10,46,174- ( മെയിന്റനൻസ് ഫണ്ട് റോഡിതരം )

പാർട്ട് ബിൽ വൗ.നം. 22101252 തി. 11-2-22, ₹ 10,87,000- ( മെയിന്റനൻസ് ഫണ്ട് റോഡിതരം )

മേൽകാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു

1. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 1 പ്രകാരം 'Government Departments Having Engineering Divisions Can Also Outsource Works To Accredited Agencies For Specific Technical Requirements Which Are Unavailable Within The Dept But, With The Approval Of Government.' എന്നും, സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 1 സി. പ്രകാരം ത.സ്വ.ഭ. സ്ഥാപനങ്ങളുടെയോ, സർക്കാർ പൊതുമേഖലാ ഏജൻസികളുടെയോ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയാത്തതും പ്രത്യേക സംഘടനാ സ്ഥാപന സംവിധാനങ്ങൾ ആവശ്യമുള്ളതും പ്രത്യേക സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ളതുമായ സേവന പ്രവർത്തനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വ്യവസ്ഥാപിത എഞ്ചിനിയറിങ്ങ് വിഭാഗം ഉണ്ടായിട്ടും പ്രത്യേക സാങ്കേതിക വൈദഗ്ദ്യമൊന്നും ആവശ്യമില്ലാത്ത മരാമത്തു പ്രവൃത്തികളാണ് മേൽപ്രകാരം സ്ഥാപനങ്ങളെ ഏൽപ്പിച്ചു കാണുന്നത്.

2. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 2 പ്രകാരം ചെലവുകുറഞ്ഞ തനതു സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമാണ് മേൽ സ്ഥാപനങ്ങൾക്ക് നേരിട്ട് നിർവഹിക്കാവുന്നത്. മറ്റുള്ള മരാമത്തു പ്രവൃത്തികൾ കരാറുകാരെക്കൊണ്ട് നടത്തി മേൽനോട്ടം വഹിക്കുന്ന 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് നടത്തേണ്ടത്.

ഫയൽ പരിശോധനയിൽ PRICE സോഫ്റ്റ്വെയർ മുഖേന ' Other Engineering Organisations' നു വേണ്ടി തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള എസ്റ്റിമേറ്റിനാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായി കണ്ടത്. ഇതിൽ നിന്നും ചെലവുകുറഞ്ഞ സാങ്കേതികവിദ്യയല്ല പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. സർക്കാർ ഉത്തരവിനു വിധേയമായി 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് മേൽകാര്യത്തിൽ നിർമാണ പ്രവൃത്തികൾ നടത്തേണ്ടിയിരുന്നത്.

3. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 7 പ്രകാരം ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഒഴികെയുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വിഭാഗമാണ് നൽകേണ്ടത്. മേൽകാര്യത്തിൽ സാങ്കേതികാനുമതി COSTFORD,നിർമിതികേന്ദ്രം എന്നിവ തന്നെ നൽകിയിട്ടുള്ളതായി കാണുന്നു.

4. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 3 പ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ മുഖേന വിവിധ അക്രഡിറ്റഡ് ഏജൻസികളുടെ സാങ്കേതിക മികവ്, സെന്റേജ് ചാർജ്ജ് എന്നി കാര്യങ്ങൾ മുൻനിർത്തിയാണ് പ്രവൃത്തി ഏൽപ്പിച്ചു നൽകേണ്ടത്. ഇതിനു വിരുദ്ധമായി ടെണ്ടർ നടപടികളൊന്നുമില്ലാതെയാണ് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപ്പിച്ചിട്ടുള്ളത്.

5.സ.ഉ. (എം.എസ്) 133/2007 ത.സ്വ.ഭ.വ തീ. 18-05-07 നിർദ്ദേശം 10 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 2% മാണ് സെന്റേജ് ചാർജ്ജ് നല്കേണ്ടത്. സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 11 പ്രകാരം തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതു പ്രകാരമാണ്. കൂടാതെ സ.ഉ. (അ) 311/2014 ധന. തീ. 30-07-14 നിർദ്ദേശം 11 മേൽകാര്യത്തിൽ കോസ്റ്റ് ഫോർഡ് അവലംബിക്കേണ്ടിയിരുന്ന 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായ പ്രകാരമുള്ള പ്രവൃത്തികൾക്ക് 2% മാണ് സെന്റേജ് ചാർജ്ജ് നല്കേണ്ടത്. കരാർ ഷെഡ്യൂൾ പ്രകാരം ഇപ്പോൾ കോസ്റ്റ്ഫോർഡിന് 8%, നിർമിതികേന്ദ്രത്തിന് 2.5% എന്നിങ്ങനെസെന്റേജ് ചാർജ്ജ് നല്കുന്നതിനാണ് ബാധ്യതയേറ്റിരിക്കുന്നതും വിവിധ പാർട്ട് ബില്ലുകളിൽ അനുവദിച്ചു നൽകിയിട്ടുള്ളതും.

6. ' ഡിഫക്റ്റ് ലയബിലിറ്റി ' കാലയളവിനു കരാറിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമാണ്.

7. കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തികളുടെ പുരോഗതിയനുസരിച്ച് സ്റ്റേജ് അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ടതുള്ളപ്പോൾ ആദ്യത്തെ സ്റ്റേജ് തുക നല്കിയതിനു പുറമെ പാർട്ട് ബില്ലുകൾ നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

8. കേരള പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്. മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് എല്ലാ അളവുപുസ്തകങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 12 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പിലെയും അക്രഡിറ്റഡ് ഏജൻസികളിലെയും എഞ്ചിനീയർമാർ ചേർന്ന് പ്രവൃത്തിയുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടതാണ്. ലഭ്യമാക്കിയ അളവുപുസ്തകങ്ങളിൽ നിലവിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് അക്രഡിറ്റഡ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരാണ്.

9. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിലെ ഇനങ്ങളുടെ ഡാറ്റാ അനലിസിസ് പരിശോധിച്ചതിൽ കോസ്റ്റ്ഫോർഡിന് 15% ഓവർഹെഡ് ചാർജ് + CP നിർമിതി കേന്ദ്രത്തിന് 7.5% ഓവർഹെഡ് ചാർജ് + CP ഉൾപ്പെടുത്തിക്കാണുന്നു. 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' അടിസ്ഥാനത്തിൽ പ്രവൃത്തി നിർവഹിക്കുമ്പോൾ മാത്രമാണ് ഇപ്രകാരം CP അനുവദനീയമായിട്ടുള്ളത്. കൂടാതെ വിവിധ റിക്കവറികളായ KCWWF, ആദായനികുതി, സർക്കാർ ഉത്തരവാകുന്ന സമയം പ്രാബല്യത്തിലുണ്ടായിരുന്ന "വാറ്റ് ' എന്നിവ അടവാക്കുന്നതിനു കരാറുകാരെ സഹായിക്കുന്നതിനു വേണ്ടിയാണ് സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദിക്കുകയുണ്ടായത്. മേൽകാര്യത്തിൽ KCWWF, ആദായനികുതി,GST എന്നിയിനങ്ങളിലുള്ള തുക COSTFORD നും നിർമിതികേന്ദ്രത്തിനും അനുവദിച്ചു വരുന്നതിനാലും വിവിധ പ്രവൃത്തികൾ നിലവിൽ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' അടിസ്ഥാനത്തിൽ നിർവഹിക്കാത്ത സാഹചര്യത്തിലും ഓവർഹെഡ് ചാർജ് + CP ഇനത്തിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് തുക അനുവദിക്കേണ്ടതില്ല.

10. സ.ഉ. (അ) 311/2014ധന. തീ. 30-07-14 നിർദ്ദേശം 11 വിധേയമായി മേൽകാര്യത്തിൽ മേൽപ്രകാരം സ്ഥാപനങ്ങൾ 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം അവലംബിച്ചിരുന്നുവെങ്കിൽ ജി.എസ്.ടി, KCWWF എന്നീയിനങ്ങളിലുള്ള ചെലവു ടെണ്ടർ ലഭിച്ച ബന്ധപ്പെട്ട കരാറുകാരൻ വഹിക്കുമായിരുന്നു. ഈ സാഹചര്യത്തിൽ അനാവശ്യമായ അധിക ചെലവാണ് ഗ്രാമ പഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്രകാരം അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വിവിധ അക്രഡിറ്റഡ് ഏജൻസികൾക്ക് തുടർന്നു നൽകുന്ന ബില്ലുകളിൽ നിന്നും അധികം നൽകിയ തുക ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതും വിവരം യഥാസമയം ഓഡിറ്റിന് നൽകേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ചവർഷം | ലഭിച്ചതുക | പ്രൊജക്റ്റിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 245874 | Pro.No:46/22 അനുപൂരകപോഷകാഹാരം | 199916 | 45958 |
| | | 10000 | Pro.No:48/22 സുഭിക്ഷ കേരളം -തരിശ് പച്ചക്കറി | 10000 | 0 |
| | | 450000 | Pro.No:49/22 സമഗ്ര നെൽകൃഷി വികസനം | 450000 | 0 |
| | | 200000 | Pro.No:50/22 സുഭിക്ഷ തരിശ് നെൽകൃഷി വികസനം | 150000 | 50000 |
| | | 1370000 | Pro.No:66/22 ലൈഫ് ഭവന പദ്ധതി -Sc | 1080000 | 290000 |
| | | 80000 | Pro.No:172/22 ലൈഫ് ഭവന പദ്ധതി -ജനറൽ | 80000 | 0 |
| | | 400000 | Pro.No:77/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായവും ബത്തയും | 400000 | 0 |
| | | 500000 | Pro.No:223/22 വാർഡ് 11-ഗാന്ധി നഗർ അയ്യപ്പൻകാവ് റോഡ് റീടാറിംഗ് | 500000 | 0 |
| | | 500000 | Pro.No:229/22 വാർഡ് 16-AKM റോഡ് കാന നിർമ്മാണം | 500000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 600000 | Pro.No:46/22 അനുപൂരകപോഷകാഹാരം | 560664 | 39336 |
| | | 20000 | Pro.No:48/22 സുഭിക്ഷ കേരളം -തരിശ് പച്ചക്കറി വികസനം | 20000 | 0 |
| | | 300000 | Pro.No:49/22 സമഗ്ര നെൽകൃഷി വികസനം | 300000 | 0 |
| | | 400000 | Pro.No:50/22 സുഭിക്ഷകേരളം -തരിശ് നെൽകൃഷി വികസനം | 300000 | 100000 |

| | | | | | |
|---|---|---|---|---|---|
| | | 1210334 | Pro.No: 66/22 ലൈഫ് ഭവന പദ്ധതി (എസ്സി) | 520000 | 690334 |
| | | 1556317 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 1556317 |
| | | 450000 | Pro.No: 74/22 പരിരക്ഷ-പെയിൻ പാലിയെറ്റീവ് പ്രൊജക്റ്റ് | 449998 | 2 |
| | | 600000 | Pro.No:77/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്ക് പഠനസഹായവും ബത്തയും | 117500 | 482500 |
| | | 100000 | Pro.No:108/22 കോവിഡ് പ്രതിരോധ പ്രവർത്തനം -മരുന്നുകളുംഉപകരണങ്ങളും വാങ്ങൽ | 100000 | 0 |
| | | 500000 | 2021-22 പള്ളിത്താഴം ലിങ്ക് റോഡ് കുടിവെള്ള പദ്ധതിവാർഡ് 23 പുന്നയൂർ ഗ്രാമപഞ്ചായത്ത് | 0 | 500000 |
| | | 2500000 | 2021-22 ഷാജി ഹാള് റോഡ് - കുടിവെള്ള പദ്ധതിവാർഡ് 6 പുന്നയൂർ ഗ്രാമപഞ്ചായത്ത് | 0 | 2500000 |
| | | 212807 | മന്ദലാംകുന്ന് ചിൽഡ്രൻസ് പാർക്ക് | 0 | 212807 |
| | | 1500000 | ചുക്കുബസാർ പണ്ടാരൊടി റോഡ് അറ്റകുറ്റപണി വാർഡ് 9 | 0 | 1500000 |
| | | 2420453 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 2420453 |
| | | 0 | ലൈഫ് ഭവന പദ്ധതി ഫേസ് 3വ്യക്തികത ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ(ഭൂരഹിത ഭവന രഹിതർക്ക്) | 0 | 0 |
| | | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്ക് പഠനസഹായവും ബത്തയും | 600000 | 0 |
| | | 300000 | Pro.No: 218/22 വാർഡ് 12 നമ്പർ 35 അംഗനവാടി നിർമ്മാണം 2021-22 പുന്നയൂർ ഗ്രാമപഞ്ചായത്ത് | 0 | 300000 |
| | | 500000 | Pro.No:238/22 2021-22 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | | | പുന്നയൂർ ഗ്രാമപഞ്ചായത്ത് നായാടി കോളനിമതിൽ നിർമ്മാണം | | |
| | | 1000000 | Pro.No: 243/22 2021-22 പുന്നയൂർ ഗ്രാമപഞ്ചായത്ത് എടക്കര നീലംകടവ്റോഡ് നവീകരണം | 0 | 1000000 |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 സ്ഥിര നിക്ഷേപം

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | | 21147809 | 3285333 | | 17862476 |

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനം/ തിയതി |
|---|---|---|---|---|
| 2021-22 | KSAD 1998-99 PARA 29 | 574 | AGRICULTURE OFFICER | 121040103991 DT 28/12/2021 |
| | KSAD 1998-99 PARA 27 | 142 | SECRETARY | 121040103990 DT 28/12/2021 |
| | KSAD 1998-99 PARA 23 | 63 | SECRETARY | 121040103989 DT 28/12/2021 |
| | KSAD 2002-03 PARA 3(8) | 1215 | SECRETARY | 121040103988 DT 28/12/2021 |
| | KSAD 2000-01 | 190 | SECRETARY | 121040103986 DT 28/12/2021 |

| | | | | |
|---|---|---|---|---|
| | KSAD 2000-01 | 340 | SULAIMAN | 121040103985 DT 28/12/2021 |
| | KSAD 2000-01 | 450 | PHILIP MATHEW AND OTHERS | 121040103980 DT 28/12/2021 |
| | KSAD 2000-01 | 450 | SMITHA T | 121040103981 DT 28/12/2021 |
| | KSAD 1998-99 | 1020 | T SREENIVASAN AND OTHERS | 121040103978 DT 28/12/2021 |
| | KSAD 2001-02 | 1559 | SOLD BUSINESS CENTRE | 121040103987 DT 28/12/2021 |
| | KSAD 1997-98 | 61 | K N HUMEERA | 121040103977 DT 28/12/2021 |
| | KSAD 1997-98 | 563 | K S ANTO | 121040103976 DT 28/12/2021 |
| | KSAD 2005-06 | 7661 | VIJAYAKRISHNAN V C | 121040104027 DT 29/12/2021 |
| | KSAD 2000-01 | 480 | SHAINY M V AMUPS AKALAD | 121040104245 DT 10/01/2022 |
| ആകെ | | 14768 | | |

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ്പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-8, | 2009-10 | | സി.എഫ് എൽ വാങ്ങിയത്-ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ തുക-192500 രൂപ | നിലവിൽ പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | 3-14 | 2009-10 | | കുടുംബശ്രീ-ചാർജ്ജ് ഓഫീസർക്ക് പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിന് നൽകിയ തുക-രേഖകൾ ഹാജരാക്കാത്തത് മൂലം ടി ചെലവ് തടസ്സപ്പെടുത്തുന്നു | നിലവിൽ പരാമർശം നിലനിൽക്കുന്നു |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 147081130 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 138876696 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 219220 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22(2) | 219220 | ഷക്കീർ ടി.വി, വി ഇ ഒ (പുന്നയൂർ സർക്കിൾ) |
| ആകെ | 219220 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷക്കീർ ടി.വി | വി ഇ ഒ, | തെരുവരത്, വെളിയംകോട് |

| | | പുന്നയൂർക്കുളം | ഹൗസ്, അണ്ടത്തോട് പി.ഒ |
|---|---|---|---|

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | റിമാർക്സ് (CAR/ CASE/CH/ SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT17-560/98 Dt. 31.10.1998/31.12.1998 | 1 | 35 | |
| 2 | 1997-98 (വരവ്) | LFT13-1456/04 Dt. 02.05.05/07.07.05 | 5 | 2-1, 2-2, 2-3, 2-4, 2-5 | |
| 3 | 1997-98 (ചെലവ്) | LFT17-1845/99 Dt. 19.05.00/23.09.00 | 2 | 2(A,B) 17(1,2,3) | |
| 4 | 1998-99 (ചെലവ്) | LFT17-201/01 Dt. 06.04.2001 | 7 | 9, 10, 11, 12, 21, 25, 26 | |
| 5 | 1998-99 (വരവ്) | LFT13-1455/04 Dt. 02.05.05/06.07.05 | 4 | 2-3, 2-4, 2-5, 2-6, | |
| 6 | 1999-00 | LFT13-1454/04 Dt. 05.05.05 | 1 | 3-5 | |
| 7 | 2000-01 | LFT13-1453/04 Dt. 05.05.2005 | 1 | 3-3 | |
| 8 | 1999-00 To 2001-02 (ജനകീയാസൂത്രണം) | LFT13-1203/03 Dt. 11.05.04/09.08.04 | 13 | 3, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16 | 10, 11, 12 (ലോകായുക്ത കേസ്) |
| 9 | 2001-02 | LFT13-1827/07 Dt. 23.05.08/04.07.08 | 2 | 2-1, 3-1 | |
| 10 | 2002-03 | LFT13-1030/08 Dt. 31.08.09/13.11.09 | 4 | 3-5, 3-6, 3-12, 3-13, | |
| 11 | 2003-04 | LFTP4-714/01 Dt. 19.10.11 | 8 | 3-1, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-16 | 3-8 (CAR 2009-10) 3-14 (CAR 2009-10) |
| 12 | 2004-05 | LFT13-206/09 Dt. 21.12.09/26.03.10 | 12 | 2-1, 2-2, 2-3, 3-1, 3-3, 3-4, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-6, 3-7, 3-8, 3-9, 3-11, 3-12-2-G | |
| 13 | 2005-06 | LFT13-238/10 Dt. 28.01.11/06.09.11 | 4 | 2-1, 2-2, 3-5, 3-6 | |
| 14 | 2006-07 | LFT13-239/10 Dt. 28.01.2011/06.09.2011 | 6 | 2-1, 2-2, 3-2, 3-3, 3-4, 3-7 | |
| 15 | 2007-08 | LFT13-1215/10 Dt. 24.02.2011 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-11 | |
| 16 | 2008-09 | LFT13-1216/10 Dt. 26.02.2011 | 6 | 3-1, 3-3, 3-4, 3-9, 3-10, 3-14 | |
| 17 | 2009-10 | LFTP4-1094/12 Dt. 12.9.12 | 16 | 2-2, 2-3(1,2), 2-4(1,2), 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-6, 3-7(1,2,4,5), 3-8, 3-9, 3-10, 3-11 | |
| 18 | 2010-11 | LFTP4-1095/12 Dt. 12.09.12 | 20 | 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11(1,2,3), 3-12, 3-13, 3-14, 3-15, 3-16 | |
| 19 | 2011-12 | LFTP8-195/14 Dt. 07.02.14/08.04.14 | 17 | 2-2, 2-3, 2-4, 3-1, 3-2, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 | |

| | | | | | |
|---|---|---|---|---|---|
| 20 | 2012-13 | LFTP8-1761/14<br>Dt. 10.06.2015 | 13 | 2-2, 2-3, 3-1,<br>3-2, 3-3, 3-4,<br>3-5, 3-6, 3-7,<br>3-11, 3-14,<br>3-15, 3-16 | |
| 21 | 2013-14 | KSATSR-P8-180/16<br>Dt. 15.02.16/08.03.16 | 23 | 2-4, 2-5, 3-1,<br>3-2, 3-3, 3-4,<br>3-6, 3-7, 3-8,<br>3-9, 3-11, 3-14,<br>3-15, 3-17,<br>3-18,<br>3-20, 3-21,<br>3-22, 3-23,<br>3-25,<br>3-27, 3-28,<br>3-29 | |
| 22 | 2014-15 | KSA-TSR-<br>P8-1227/2016<br>Dt. 24.07.2016 | 11 | 2-2, 3-1,<br>3-3, 3-5, 3-6,<br>3-7 (1,2,4,5),<br>3-8, 3-9, 3-11,<br>3-12, 3-16 | |
| 23 | 2015-16 | KSA-TSR-P8-61/17<br>Dt. 27.01.2017 | 30 | 2-4, 2-6,<br>3-3, 3-4, 3-5,<br>3-6, 3-7, 3-8,<br>3-9, 3-10, 3-11,<br>3-12, 3-13,<br>3-14,<br>3-15, 3-16,<br>3-17, 3-18,<br>3-19, 3-20,<br>3-21, 3-22,<br>3-23, 3-24,<br>3-25, 3-26,<br>3-27, 3-28,<br>3-29, 3-30 | |
| 24 | 2016-17 | KSA-TSR-P8-1714/17<br>Dt. 29.11.2017 | 38 | 2-2, 2-5, 2-6,<br>2-7, 2-8, 2-9,<br>2-10, 3-9, 3-11, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-36, 3-37, 3-38, 3-39, 3-40, 3-42 | |
| 25 | 2017-18 | KSA-TSR-P8-1726/2018 Dt. 04.02.19 | 19 | 2-2, 2-4, 2-6, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-23, 3-24 | |
| 26 | 2018-19 | KSATSR (P8)1044/2019 Dtd.3/9/2020 | 31 | 1-10, 1-12, 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 | |
| 27 | 2019-20 | KSATSR (P11)683/2022 / Dtd 03/07/2022 | 29 | 1-9, 1-11(1-32), 1-12, 1-13, 1-14-1, 1-14-2, 1-14-3, 1-14-4, 1-14-5, 1-15-1, 1-15-2, 1-15-3, 1-16, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32 | |
| 28 | 2020-21 | KSATSR (P11)684/2022/ Dtd.03/07/2022 | 39 | 1-9, 1-11(1-29), 1-12, 1-13, 1-14-1, 1-14-2, 1-14-3, 1-14-4, 1-14-5, 1-15-1, 1-15-2, 1-15-3, 1-15-4, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41 | |
| | ആകെ | | 373 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്